പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 896 11.06.2014 -ലെ മറുപടിക്ക്

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ഡോ. പി.കെ. ഗുരുദാസൻ:
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് ലക്ഷക്കണക്കിന് പാവപ്പെട്ട കുടുബങ്ങൾ പുറത്തായതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദവിവരം നല്കാമോ ; | (എ) ഉണ്ട്. എന്നാൽ പ്രസ്തുത വാർത്തയിൽ പ്രതിപാദിച്ച വസ്തുതകൾ ശരിയല്ല എന്ന് ബോധ്യപ്പെട്ടുകയുണ്ടായി. പദ്ധതി അംഗങ്ങളായ കുടുംബങ്ങൾക്ക് കാർഡ് പുതുക്കുന്നതിനായുള്ള നടപടികൾ പോളിസി തീയതി അവസാനിക്കുന്നതിന്റെ ഒരു മാസം മുൻപ് തന്നെ ആരംഭിച്ചിരുന്നു. ഇതുവരെ 30.70 ലക്ഷം കുടുംബങ്ങൾ അംഗത്വമെടുത്തിട്ടുണ്ട്. അർഹരായ ഒരു കുടുബത്തെ പോലും പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. കാർഡ് പുതുക്കി പുതിയ കാർഡ് നൽകൽ നടപടി ജൂൺ മാസം 30 വരെ തുടരുന്നതാണ്. പദ്ധതി ആരംഭിച്ച വർഷം മുതൽ ഇതു പോലെ തന്നെ ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ തുടങ്ങി ജൂൺ മാസത്തിൽ തന്നെ അവസാനിക്കുന്ന രീതിയിലാണ് ചെയ്തിരുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം പുതുക്കാനായി അക്ഷയകേന്ദ്രങ്ങളെയും കുടുംബശ്രീ കേന്ദ്രങ്ങളെയും ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കാമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ ആർ.എസ്.ബി.വൈ പദ്ധതി നടത്തിപ്പിനുള്ള നിയമപ്രകാരം ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ച ഏജൻസികൾക്ക് മാത്രമേ സ്മാർട്ട് കാർഡ് പുതുക്കുന്ന നടപടികൾ നടപ്പാക്കാനാവൂ. അക്ഷയ കേന്ദ്രങ്ങൾക്കും, കുടുംബശ്രീ കേന്ദ്രങ്ങൾക്കും സ്മാർട്ട് കാർഡ് തയ്യാറാക്കുന്നതിനോ വിതരണം |

| | |
|---|---|
| | ചെയ്യുന്നതിനോ ഉള്ള സാങ്കേതിക അംഗീകാരം ലഭിച്ചിട്ടില്ല. എന്നിരുന്നാലും കാർഡ് വിതരണം സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങളെ അറിയിക്കുന്നതിന് ചിയാക് കുടുംബശ്രീയുടെ സേവനവും തേടുന്നുണ്ട്. 2011-12 വർഷത്തിൽ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി സ്കീം നടപ്പിലാക്കിയ വേളയിൽ അവരുടെ ചില തേഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ (TPA) ചില ജില്ലകളിൽ അക്ഷയ കേന്ദ്രങ്ങളെ കാർഡ് പുതുക്കുന്നതിന് ഉപയോഗപ്പെടുത്തിയിരുന്നു. ഇതൊഴിച്ചാൽ 2008-09 വർഷം മുതൽ നാളിതുവരെ അക്ഷയ കേന്ദ്രങ്ങളെ കാർഡ് പുതുക്കലിന് ചുമതലപ്പെടുത്തിയിരുന്നില്ല. |
| (സി) കാർഡ് നല്കാൻ വൈകുന്നതു കാരണം നിരവധി പേർക്ക്ചികിത്സാ ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. ഇതുവരെ അർഹരായ ഒരാളിനു പോലും ചികിത്സാനുകൂല്യം നിഷേധിച്ചിട്ടില്ല. |
| (ഡി) കാർഡ് പുതുക്കലിനായി റിലയൻസ് ഇൻഷ്വറൻസ് കമ്പനി നിശ്ചയിക്കുന്ന ഏജൻസികളെ സമീപിക്കണമെന്ന നിബന്ധന കരാർ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) ബി പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഇതിൽ കരാർ ലംഘനം ഇല്ല.<br><br>Deepa<br>സെക്ഷൻ ഓഫീസർ |